**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.717 27.04.2017 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.രാജഗോപാലൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |

(എ) വന്യമൃഗങ്ങളുടെ ആക്രമണത്താൽ അത്യാഹിതം സംഭവിക്കുന്നവർക്ക് ഇപ്പോൾ നൽകുന്ന ധനസഹായം എത്രയെന്ന് വ്യക്തമാക്കാമോ; ഗുരുതരമായി പരിക്കേറ്റ് അവശത അനുഭവിക്കുന്നവർക്ക് പ്രതിമാസം ധനസഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

(എ) വന്യമൃഗങ്ങളുടെ ആക്രമണത്താൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കും ജീവനാശത്തിനും 1980-ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് വൈൽഡ് ലൈഫ് അറ്റാക്ക് പ്രകാരമാണ് നിലവിൽ നഷ്ടപരിഹാരം നല്കിവരുന്നത്. ആയത് പ്രകാരം നിലവിലുള്ള നഷ്ടപരിഹാര തുക ചുവടെ ചേർക്കുന്നു.

| ക്രമ നം. | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാര തുക (രൂപ) |
|---|---|---|
| 1. | സ്ഥായിയായ അംഗഭംഗം | പരമാവധി 75000/- രൂപ |
| 2. | വിള, വീട്, കന്നുകാലി എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75000/- രൂപ) |
| 3. | പരിക്ക് | പരമാവധി 75000/- രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെല വായ മുഴുവൻ തുകയും നല്കും. |
| 4. | മരണം | 5 ലക്ഷം രൂപ |
| 5. | വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ |

ഗുരുതരമായി പരിക്കേറ്റ് അവശതയനുഭവിക്കുന്നവർക്ക് പ്രതിമാസം ധനസഹായം നല്കാൻ നിലവിൽ വ്യവസ്ഥയില്ല.

സെക്ഷൻ ഓഫീസർ